## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1290

08.02.2013 ൽ
മറുപടിയ്ക്ക്

### ബേപ്പൂർ നിയോജകമണ്ഡലത്തിലെ രാജീവ് കോളനി നിവാസികൾക്ക് പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എളമരം കരീം | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പുമന്ത്രി) |
| എ) ബേപ്പൂർ നിയോജകമണ്ഡലത്തിലെ രാജീവ് കോളനി നിവാസികൾ ഉൾപ്പെടെയുള്ളവർക്ക് ഇനിയും പട്ടയം ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഇവർക്ക് പട്ടയം നൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | ബി) & സി) ബേപ്പൂർ നിയോജകമണ്ഡലത്തിൽ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് വീട് അലോട്ട് ചെയ്തത് 50 പേർക്കാണ്. അതിൽ 19 പേർക്ക് പട്ടയം നൽകി. ബാക്കിയുള്ള 31 പേർ അലോട്ട് ചെയ്ത വീടുകൾ കൈമാറ്റം ചെയ്തതിനാൽ പട്ടയം നൽകിയിട്ടില്ല. വീട് കൈമാറ്റം ചെയ്ത് ലഭിച്ച വ്യക്തികൾ പട്ടയത്തിന് അർഹരാണെന്ന് പഞ്ചായത്ത് അധികൃതർ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്നതാണ്. |
| സി) എത്ര പേർക്ക് പട്ടയം നൽകാൻ ബാക്കിയുണ്ട് എന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ